Motion put and lost

The Demand No. 42 Miscellaneous put and carried

(ii) 22—Miscellaneous (Cranganur)

Mr. E. Ikkanda Warriar *(Prime Minister):* I move for a grant of Rs. 360 under 22-Miscellaneous—Cranganur.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

Demand put and carried

(iii) 3—Agriculture

Mr. E. Ikkanda Warriar *(Prime Minister):* I move for a grant Rs. 5,49,399 under 3—Agriculture.

Mr. P. Govinda Menon *(Minister for Finance and Law):* I second it.

***Mr. E. Ikkanda Warriar** *(Prime Minister):* This is another department about which there were some criticisms in this House. It will be admitted that it is a very useful department and particularly in these years of scarcity of food this department must be made to work with greater vigour. I should like to place before the House the programme of work that it has immediately in view to carry out in this year. The most important item of work proposed to be undertaken under Agriculture is the intensification of paddy production. One of the surest and quickest methods of increasing production is by the application of adequate manures to the crop. By steady propoganda and under the liberal subsidy given by Government the sale of manures by the Agriculture Department has increased by leaps and bounds, and from a sale of Rs. 5,000 worth of manure in 1117, the sales have now risen to five lakhs at present. The people have become decidedly manure minded and we have now come to a stage when the supplies are found far short of the demand, and in future campaigns we have not only to use concentrated manures like oil cakes and bone meal and ammonium sulphate but also bulky manures lime compost and green manures.

One of the schemes proposed to be undertaken is the intensive manuring of our kole and puncha crops. We have in the State about 20,000 acres of kole and puncha lands of which 12,000 acres can be safely and profitably manured, leaving apart the 4,000 acres of kuttaden lands and another 4,000 acres of marginal lands which are liable to occasional droughts. A definite scheme of manuring these 12,000 acres will be undertaken and the manuring will be done on a subsidised basis and under the expert supervision of a special staff. The manure proposed is a mixture of groundnut cake, bone meal and ammonium sulphate which will cost about Rs. 30 per acre and a 50% subsidy amounting to one lakh and eighty thousand rupees is proposed to be utilised for this purpose. The increase in yield on account of this manuring is expected to be anything from one lakh and eighty thousand to two lakhs and forty thousand paras of paddy in addition to a 2% increase in the yield of straw. If this scheme is found sucessful, this system of systematic and subsidised manuring will be extended to the Varthu Vitha lands of the Chittur Taluk.

Concentrated manures like oil cakes, ammonium sulphate and bone meal do give good results, but the chief difficulty confronting their use is their high price and even non-availability. Government are giving liberal subsidies to set off the difficulty of high prices but very little can be done to increase the availability of these manures. We are therefore to fall back upon other resources like green manure and compost.

Green Manures.—Experiments conducted in the State as well as elsewhere have shown that by green manuring alone the yield of paddy can be raised by 20 per cent. In addition to the different kind of green leaf available in the State, we have to grow green manure crops like Daincha, Sesbania Speciosa, and Gliricidia Maculata. Green manuring with Daincha has become popular in the Kozhinjampara Firka and it has to be made popular in other parts of the State also. Sesbania Speciosa and Gliricidia are plants which can be grown on the bunds of paddy fields and lopped in the fields for manuring the paddy crop. Coiricidia is a perennial plant and gives at least 30 lbs. of cuttings per year. It is not attacked by cattle and goats also. An intensive campaign of popularising these green manures is proposed to be undertaken this year.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Compost.—Coming to the question of compost a sum of Rs. 16,500 has been provided in the Public Health Budget for the employment of special staff for the preparation of compost in all the Municipalities of the State. It is expected that at least 10,000 tons of valuable manure will be prepared every year when this scheme is in full swing.

Side by side with this a scheme of preparing village composts has been undertaken by the Agricultural Department with the sweeping and rubbish available in the Panchayat areas and work is in progress in nine different centres. It is proposed to intensify this work not only in the several Panchayats but also to make every ryot prepare his own compost in his farm so that everything that is cast away as rubbish will be turned into valuable manure and go to increase the production of crops in the State.

Distribution of improved seed.—Another sure method of increasing production is by the use of high yielding strains of seed. Improved strains generally give at least 10 per cent increase in yield on account of the quality of the seed alone. By steady and systematic work the botanical section of the Agricultural Department evolved a strain of paddy called Cochin I which gives a 15 per cent increase in yield. This is now grown over an area of 15,000 aceres of mundaken lands in the State and is responsible for producing an extra yield of one lakh and fifty thousand paras of paddy. The Economic Botanist has now undertaken a scheme with the aim of multiplying and distributing improved strains over a lakh of acres of paddy within the course of the next five years. In this scheme not only strains evolved in the State, but also suitable strains evolved at the paddy breeding stations of Coimbatore, Pattambi and Adutharai will be utilised. This scheme when completed is expected to give an extra yield of ten lakhs of paras of paddy to the State every year.

Other items of increasing production proposed to be undertaken during the year are the bringing in of the new areas along the Chalakkudy-Anamalais road under cultivation. The Kannankuzhi scheme proposed to be undertaken in this area will give 3000 acres of double crop paddy lands under irrigation. The several lift irrigation schemes undertaken by the P. W. D. and Panchayat Department will give an extra area of one thousand acres under lift irrigation of paddy.

The impetus given to tapioca cultivation by way of liberal interest-free loan Rs. 51,500 has given very good results. A fresh area of 5000 acres has been brought under cultivation during the year. It is proposed to intensify vegetable cultivation and also the cultivation of quick growing fruit like the Pappaya. A definite scheme for distributing pappaya seedlings at very nominal prices will be undertaken all over the State during the course of the next two months.

Before concluding, I wish to say one or two words about the Central Farm. The Central Farm has been the object of criticism for a very long time in this Council. From what I have seen I can definitely say that it is doing very good work within the farm. But so far as the propaganda outside is concerned it cannot claim much credit. So to condemn it out right will be rather suicidal in these days. The research laboratory consists of three sections, chemical, entomological and botanical sections. All these sections are doing very useful work in their own way. In the fruit sections about 4000 grafts have been sent out every year to the village parts—mangoes particulary and other fruits and they are doing very excellent work in that field olso. Then about the livestock. Then there is a dairy there which is now paying. To some extent it has now become a paying section for the time being. I cannot say that it will be so for all time. Then there is the Agricultural School which is training young men who are given training in agriculture. That also is another field of work. There used to be criticism that this central farm is a white elephant. N o doubt, we would have spent some money on capital expenditure. Now as I find from the reports the income in the year 1123, the total receipts of the farm amounted to Rs. 82, 580-6 as against the net expenditure of Rs. 66,876-6-5 giving a decent margin of 15 thousand and odd rupees. No doubt this does not take in the establishment charges which come to 27 and odd thousand rupees. Of course, no doubt the experimental farms are not expected to work on a commercial basis. On the whole, probably on account of the criticisms levelled against it both in the Council and outside, they have become very careful and they are also looking to the side of profit to their work. I have not much to say because the time at the disposal of the House will be very short and I do not wish to monopolise that time by giving elaborate explanations. If anything I have to say further I shall do so when the cut motions are moved.

Mr. President: This demand will be put to vote at 6-50 p. m.

LIBRARY ARCHIVES Kerala Legislative Assembly

CUT MOTION No.1.

മിസ്റ്റർ എ. പി ശിവരാമകൃഷ്ണൻ: "To reduce the allotmeat of Rs 28,313 for establishment in demand No.3 A (I) by Re 1.

To impress upon the Government the points raised under the Cpation "കൃഷിക്കാരുടെ ആവലാതികൾ" in col. 1, page 3 of the "Express" (Trichur) dated 24 th Kanni 1124 by a "കൃഷിക്കാരൻ of കൊഴിഞ്ഞാമ്പാറ"

സർ, കൊഴിഞ്ഞാമ്പാറയിൽ ഫ പ്രൈവറ്റ അണക്കെട്ടുകളാണുള്ളതു്. അതിൽ മുന്നെണ്ണം മാത്രമെ ഇപ്പോൾ ഗവമ്മെണ്ടിന്റെ അധികാരത്തിലുള്ളു. അവ ചിറ്റൂർ രംഗനാഥക്കൈണ്ടൻ സിസ്റ്റം, (2) നഞ്ചമ്മാൾ, (3) പൌലോസ് സൂസാസ് എന്നിങ്ങനെ മുന്നെണ്ണമാണു്. ഈ മുന്നെണ്ണം നാലഞ്ചു കൊല്ലങ്ങളായി ഗവമ്മെണ്ടിന്റെ ഭരണത്തിലാണിരിക്കുന്നതു്. അതിനു യാതൊരു പ്രതിഫലവും കൊടുക്കുകയോ, അണക്കെട്ടിന്റെ ഉടമസ്ഥന്മാരോടു് കണക്കുകൾ ബോദ്ധ്യപ്പെടുത്തുകയൊ ചെയ്തിട്ടില്ല. ക്ടാത ഇനി അവിടെ ബാക്കിയുള്ള വ അണക്കെട്ടുകൾ ഏറ്റെടുത്തു് നടത്തുന്നതിനു വളരെ വിഷമമുണ്ടു്. ഇരുപ്പു നിലങ്ങൾക്കു് ഫ പറ നെല്ലോളം വാരമായി പിരിച്ചെടുക്കുന്നുണ്ടു്. അതിനേക്കാൾ കഷ്ടമായിട്ടു്, കൃഷിക്കാർ വസ്തു ഉടമസ്ഥന്മാരുടെ സൌകര്യങ്ങൾ അനുസരിച്ചു പ്രവർത്തിക്കാതെയിരുന്നാൽ, അവക്കു് ഒട്ടും വെള്ളം കിട്ടുകയുമില്ല. എന്നു മാത്രമല്ല, അവരുടെ വിളവു് ഉണങ്ങുകയും ചെയ്യും. ഏക്കറിനു് ഇരുപതു പറ നെല്ലു വാരം കൊടുക്കുന്നതായാൽ കൃഷിക്കാരനു് പിന്നെ ഒന്നും മിച്ചം കിട്ടുകയുമില്ല. അതുകൊണ്ടു് ഈ ബാക്കിയുള്ള എട്ടു് അണക്കെട്ടുകൾ ഉൾപ്പടെ പതിനൊന്നു മൈനർ അണക്കെട്ടുകളും ഗവമ്മെണ്ടു് ഏറ്റെടുത്തു് നടത്തണമെന്നുള്ള കാര്യം ഗവമ്മെണ്ടിനെ അറിയിക്കുകയാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടു് ഉദ്ദേശിക്കുന്ന കാര്യം. അതു ഗവമ്മെണ്ടു് ഏറ്റെടുത്തു നടത്തുന്നതായാൽ കൂടുതൽ ആനുകൂല്യങ്ങൾ കൃഷിക്കാർക്കു സിദ്ധിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ പതിനൊന്നു സിസ്റ്റമുള്ളതിൽ മുന്നെണ്ണം ഗവമ്മെണ്ടു് എടുത്തു. അതിനുള്ള പ്രാപ്തിതന്നെ ഉണ്ടായിട്ടില്ല. വസ്തു ഉടമസ്ഥന്മാർക്കു് കൊടുക്കേണ്ടതായ പണം കൊടുത്തിട്ടില്ല. കൊടുക്കാമെന്നു വെച്ചിട്ടുള്ളതുതന്നെ നീർവാരം പിരിയുന്നതിന്റെ ഓഹരി അനുസരിച്ചാണു്, അതു മുഴുവൻ പിരിഞ്ഞിട്ടില്ല. അതു പിരിഞ്ഞു ഗവമ്മെണ്ടിനു കിട്ടുന്നതു വേഗം കൊടുക്കുകയും ചെയ്യാം. ഇതെല്ലാം ചെയ്യുന്നതിനു് ഈ മൂന്നണക്കെട്ടുകളുടെ കാര്യത്തിൽ മൂന്നു ലക്ഷം ഉറുപ്പികയൊ മറ്റൊ വേണ്ടിവരുമെന്നാണു് പറയുന്നതു്. അതുതന്നെ എടുക്കുന്നതിനു ഗവമ്മെണ്ടിനു് ഇപ്പോൾ നിവർത്തിയില്ലാതെയാണിരിക്കുന്നതു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: എടുത്തതു് മടക്കി കൊടുക്കാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനു നിവർത്തിയില്ല. അവർ അതിന്റെ വിതരണം ശരിക്കു നടത്തുകയില്ല. മറ്റു സിസറാണ്ടുകളും കൂടി ഗവമ്മെണ്ടു് എടുക്കണമെന്നു് representations വന്നിട്ടുണ്ടു്. ഇതു മുഴുവൻ വിലകൊടുത്തു വാങ്ങേണ്ട കാര്യം കുറച്ചു പ്രയാസമായിട്ടാണിരിക്കുന്നതു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: കൃഷിക്കാർക്കു് ഇന്നുള്ള കഷ്ടതകളും നീക്കണം. അതിനുവേണ്ടി തല്ക്കാലം അവയുടെ Management എങ്കിലും ഏറ്റെടുത്താൽ മതി.

മിസ്റ്റർ കെ. അയ്യപ്പൻ: ആ കാര്യം ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ടു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഇതു ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ടെന്നു പറഞ്ഞതിനാൽ ഞാൻ ഈ മോഷൻ പ്രസ്സുചെയ്യുന്നില്ല. സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No.2.

മിസ്റ്റർ എം.ഐ പോൾ: "To reduce the allotment of Rs 5, 49, 339 for Agriculture (Total A & B) in Demand No 3. by Re 1.

To impress upon the Government the dire necessity for the development of agriculture in the State"

Speech not corrected by the Hon' ble Member.

LIBRARY ARCHIVES Kerala Legislative Assembly

സർ, ദക്ഷ്യോല്പാദനത്തെ സംബന്ധിച്ച് ഈ നാട്ടിൽ നമ്മുടെ ഗവമ്മെണ്ട് പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു നമുക്ക് വല്ലപോലെ അറിയാം. ഇതിനെ സംബന്ധിച്ച് പ്രധാനമന്ത്രി ചെയ്ത ചില പ്രസ്താവനകളിൽ പല കാര്യങ്ങളും ഉൾപ്പെടുത്തീട്ടുണ്ട്. അതു് വളരെ നല്ല കാര്യങ്ങളാണ്. ഒരു സംഗതി ഞാൻ ഈ സഭയുടെ മുമ്പാകെ വെച്ചുകൊള്ളുന്നു. കായലോരപ്രദേശങ്ങളിൽ വളരെ അധികം സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കിത്തീർക്കാൻ സാധിക്കും. അതായതു് അധികം താഴ്ചയില്ലാത്ത സ്ഥലങ്ങളെ നികത്തിയെടുത്തും മറ്റും കൃഷിക്ക പറ്റിയ വിധത്തിൽ കൊണ്ടുവരുവാൻ സാധിക്കും. കണ്ണമാലി, കുമ്പളങ്ങി, പനമ്പുകാട്, കടക്കര, മുളവുകാട് എന്നീ സ്ഥലങ്ങളിൽ വളരെ വെള്ളം കയറുള്ള സ്ഥലങ്ങളുണ്ട്. ഗവമ്മെണ്ടിന്നു്, ഇപ്പോഴത്തെ പരിതസ്ഥിതി അനുസരിച്ച് ആ ഭാഗങ്ങളിൽ വളരെ സ്ഥലങ്ങൾ ബണ്ടു ചെയ്ത് കൃഷിക്ക പറ്റിയ രീതിയിൽ കൊണ്ടുവരുവാൻ സാധിക്കും. ഈവക സ്ഥലങ്ങൾ ഏറ്റെടുത്തു് നടത്തുക്കവിധം സഹായങ്ങൾ ചെയ്തുകൊടുത്തു് സ്വകാര്യവ്യക്തികളെ ഏല്പിക്കുന്നപക്ഷം പലരും അതു് ഏറ്റെടുക്കുവാൻ മുന്നോട്ടു വരുമെന്നാണ് എന്റെ വിശ്വാസം. ഇതിനെ സംബന്ധിച്ച് പലരും എന്റെ അടുക്കൽ ആവശ്യപ്പെട്ടിട്ടുണ്ട്: അവർ പണം എത്രതന്നെ ചിലവു ചെയ്യാനും തയ്യാറാണ്. അവർ അതു കൃഷിക്ക് ഉപയുക്തമായ വിധത്തിൽ രൂപാന്തരപ്പെടുത്തും. ഇങ്ങിനെയുള്ള സ്ഥലങ്ങൾ എത്രത്തോളമുണ്ടാകുമെന്നു ഗവമ്മെണ്ട് നല്ലപോലെ അന്വേഷിച്ച് അതിന്നു് വേണ്ടത്തക്ക സഹായങ്ങളും ചെയ്യാമെന്നു് സ്വകാര്യവ്യക്തികളെ മനസ്സിലാക്കുന്ന പക്ഷം പലരും മുന്നോട്ടു വരുമെന്നാണ് എന്റെ വിശ്വാസം. അതേസമയം തന്നെ ഗവമ്മെണ്ട് അവക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടിവരും. Drudge ചെയ്യിക്കുന്നതിനുള്ള യന്ത്രങ്ങൾ കൊടുക്കുക. Expert opinion നൽകുക എന്നിങ്ങനെയുള്ള സഹായങ്ങൾ ഗവമ്മെണ്ടു് നല്കേണ്ടതായിവരും. പണസഹായത്തെ സംബന്ധിച്ചു ഗവമ്മെണ്ടിനു് ബുദ്ധിമുട്ടു തോന്നുന്നുണ്ടെങ്കിൽ, അതു് ആ വ്യക്തികൾ ചിലവു ചെയ്യുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു് ഗവമ്മെണ്ട് ഇക്കാര്യത്തിൽ സ്വകാര്യവ്യക്തികളെ ക്ഷണിക്കുന്നപക്ഷം അവർ മുന്നോട്ടു വരുമെന്നുള്ള സംഗതി കൂടി ഞാൻ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുന്നു.

മിസ്റ്റർ ഗാസ്പർ ഡി സിൽവ: സർ ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. മുളവുകാടിന്റെ പടിഞ്ഞാറുവശവും, കിഴക്കുവശവും കുറച്ച ചാലുകൾ ഏറ്റെടുത്തു നികത്തിക്കൊടുത്താൽ കൃഷിചെയ്യുന്നതിന്നു സാധിക്കുന്നതാണ്. ഈ സ്ഥലങ്ങൾക്ക് ചുറ്റും ബണ്ടു കെട്ടി നികത്തിയെടുത്താൽ ഏതാണ്ട് 600 ഏക്രോളം കൃഷി ചെയ്യാവുന്ന വിധത്തിലാക്കിത്തീർക്കാൻ സാധിക്കുമെന്നാണ് എനിക്ക തോന്നുന്നതു്. കൃഷിക്ക പുറമെ അതിന്റെ നാലു ഭാഗങ്ങളിലുമുള്ള സ്ഥലത്തു് നല്ല തെങ്ങിൻ തൈകൾ വെക്കുകയാണെങ്കിൽ മൂന്നാലു കൊല്ലങ്ങൾക്കുള്ളിൽ അതിൽനിന്നുമുള്ള വരുമാനവും ഗവമ്മെണ്ടിന്നുകിട്ടും. തെങ്ങുവെച്ച് അതിന്നു ശരിയായ രീതിയിൽ വളവും ഇട്ട ശരിയായ രീതിയിൽ സംരക്ഷിച്ചു് കാണിച്ചുകൊടുക്കുകയാണെങ്കിൽ ജനങ്ങൾക്ക കണ്ടുപഠിക്കാവുന്ന വിധം അതു് കുറെ മാതൃകാതോട്ടമാക്കിത്തീർക്കാനും സാധിക്കും എന്നാണ് എനിക്ക തോന്നുന്നതു്. കൂടാതെ ആ നികത്തിനകത്തുനിന്നു മത്സ്യം പിടിച്ചു വ്യവസായം വളർത്തിപ്പിക്കുവാനും സാധിക്കും. ദക്ഷ്യോല്പാദനമാണ് ക്ഷാമ പരിഹാരത്തിന്നായി നമുക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ള സംഗതി. മനുഷ്യർക്ക് ആവശ്യത്തിന്നു വേണ്ടതായ ഉല്പാദനം പോരായ്മയാണ് ഇന്നു നാം കാണുന്ന ദാരിദ്ര്യത്തിന്റെ കാരണമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. 600 പറയോളം കൃഷിചെയ്യാവുന്ന ഈ സ്ഥലം കൃഷി ചെയ്യുവാനും, അതിന്റെ ചുറ്റും തെങ്ങ്വെച്ച് അതിൽനിന്നുമുള്ളാദായം എടുക്കുവാനും പറ്റിയമാതിരി ആക്കുവാൻ ഗവമ്മെണ്ട് ഇവിടെ ഒരു ബണ്ട് ഇട്ടുവിച്ചു് നികത്തിക്കൊടുക്കണമെന്നാണ എനിക്ക വിനീതമായി ഗവമ്മെണ്ടിനോടു് അഭ്യർത്ഥിക്കുവാനുള്ളതെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കടലോരങ്ങളിൽ കൃഷിക്ക് ഉപയുക്തങ്ങളായിത്തീർക്കാവുന്നതായ ചില ഭാഗങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട് എന്നു് ബഹുമാനപ്പെട്ട ഫാറ്റ്സ്ൽ മെമ്പർക്കുതന്നെ അറിയാം. മാലിപ്പുറത്തു് 500 ഏക്കറോളം വരുന്ന സ്ഥലം എടുത്തു്, പരിശോധന നടത്തി, നെൽകൃഷിക്ക് ഉപയുക്തമാക്കാൻ സാധിക്കുമോ എന്നു് അന്വേഷണം നടത്തി, റിപ്പോർട്ട് തയ്യാറാക്കുവാൻ Chief Engineer നോടും, Agricultural Inspectors-നോടും ആവശ്യപ്പെട്ടിട്ടുണ്ട്. അതു് ഓച്ചുന്തുരുത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

Co-operative Society ക്കാരെ എല്പിച്ചുകൊടുത്താൽ അവർ ഏറെറടുത്തു് കൃഷി ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്യാമെന്നാണോ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിന്റെ Terms ഒന്നും തീർച്ചയാക്കീട്ടില്ല. അവിടെ ഡ്രെയിനേജിനു സൗകര്യമുണ്ടോ, മണ്ണു് കൃഷിക്കു പറ്റിയതാണൊ എന്നൊക്കെ നോക്കി, ഈ വർഷത്തിന്റെ അവസാനത്തിൽത്തന്നെ ഒരു പദ്ധതിയുണ്ടാക്കി കൃഷിചെയ്യണമെന്നാണു വിചാരിക്കുന്നതു്. ഗവമ്മെണ്ടിന്റെ ഇന്നത്തെ ധനസ്ഥിതി നോക്കുമ്പോൾ ഇതുപോലെയുള്ള വലിയ പദ്ധതികൾ എടുത്തു നടത്തുവാൻ സാധിക്കുകയില്ലെന്നു ഗവമ്മെണ്ടിന്നറിയാം. പീച്ചി ഹൈഡ്രൊ എലക്ട്രിക്കു് സ്കീം, അതുപോലെ കണ്ണങ്കഴി, ചാലക്കുടി മുതലായ പലവലിയ സ്കീമുകളും, ഗവമ്മെണ്ടിന്റെ പ്രവർത്തനം പ്രതീക്ഷിച്ചുകൊണ്ടിരിന്ന ഈ അവസരത്തിൽ പെട്ടെന്നു് വലിയ സംഖ്യകൾ ചിലവു ചെയ്യുവാൻ ഗവമ്മെണ്ടിനെക്കൊണ്ടു് സാധിക്കുമോ എന്നുള്ളതിനു് ഒരു വിവരണം ഇതിൽ ഉത്സാഹികളായി വരുന്ന ആളുകളോടു പറയേണ്ടതില്ല. അവക്കു കഴിയുന്നത്ര സഹായങ്ങൾ അതായതു്, അവിടെ ഒരു വലിയ ബണ്ടു് ഇട്ടുകൊടുത്തു കടലിൽനിന്നും വെള്ളം കയറാതെയാക്കാൻ എത്ര ചിലവുവരും എന്നൊക്കെയുള്ള വിദഗ്ദ്ധാഭിപ്രായം കൊടുത്തു, അവക്കു് വേണ്ട മറെറ ഉപദേശങ്ങളും കൊടുത്തു്, അതുവരെത്ര സഹായങ്ങൾ ചെയ്യാം. ഇതുപോലെയുള്ള പല സ്ഥലങ്ങളും കടലോരങ്ങളിൽ കണ്ടുവെച്ചിട്ടുണ്ടു്. അതു ഓരോരോന്നോരോന്നായി എടുത്തു് കഴിയുന്നതും വേഗത്തിൽ കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കുവാൻ സാദ്ധ്യമാണൊ എന്നു് നോക്കി,അതിനെ പരീക്ഷിക്കണമെന്നാണു് വെച്ചിരിക്കുന്നതു്. ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടു്, ൪, ൫ കോടി ഉറുപ്പികയോളം ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ ചിലവുചെയ്യുന്ന ഈ രാജ്യത്തു് ഈവക കാര്യങ്ങൾക്കായി സ്വൽപ്പം കഴിവുകളും ഉപയോഗിക്കേണ്ട ചുമതലയുണ്ടെന്നു്. അതുകൊണ്ടു് ഈവക സ്ഥലങ്ങളിലെല്ലാം ഗവമ്മെണ്ടു കഴിയുന്നതെല്ലാം ചെയ്യുന്നതാണു്.

മിസ്റ്റർ സി. വി. ഇയ്യു: പാസ്പരസഹായസംഘങ്ങൾ വഴി ഇതു് ചെയ്യുന്നതായാൽ ഗവമ്മെണ്ടിനു് പണച്ചുമതല കുറയുകയില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പരസ്പരസഹായസംഘങ്ങൾ വഴിയ്ക്കോ പ്രധാനപ്പെട്ട ആളുകളെ സംഘടിപ്പിച്ചോ ഇതു ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമമാണു് ഇന്നു ഗവമ്മെണ്ടു ചെയ്യുന്നതു്. ഈ കാര്യത്തിൽ കഴിയുന്നതെല്ലാം ചെയ്യാമെന്നുള്ള ഉറപ്പു വളരെ സന്തോഷത്തോടുകൂടി തരുവാൻ ഗവമ്മേണ്ടിനു സാധിക്കും.

മിസ്റ്റർ എം. ഐ. പോൾ: ഞാൻ എന്റെ cut motion അവതരിപ്പിച്ചിട്ടുള്ളതു് കടലോരപ്രദേശങ്ങളെ സംബന്ധിച്ചല്ല. മാളിപ്പുറത്തു് ബഹുമാനപ്പെട്ട മന്ത്രി പോയിക്കണ്ടു് അവിടെ കൃഷിക്കു് ഉപയുക്തമാക്കിത്തിക്കുവാൻ വേണ്ടതു പ്രവർത്തിക്കുന്നുണ്ടെന്നു് എനിക്കറിയാം. ഞാൻ പറയുന്നതു് കായലോരപ്രദേശങ്ങളെ സംബന്ധിച്ചാണു്. കുമ്പളങ്ങി, കണ്ണമാലി മുതലായ സ്ഥലങ്ങളിൽ പതിനായിരത്തോളം ഏക്കർ ഭൂമി ഈ വിധത്തിൽ കൃഷിക്കുപയുക്തമാക്കിത്തീർക്കാവുന്നതുണ്ടു്. പനമ്പുകാട്ടു രാമൻതുരുത്തു മുതലായ സ്ഥലങ്ങളിൽ ഇതേമാതിരി ബണ്ടു് ഇട്ടുകൊടുക്കുന്നതായാൽ ധാരാളം ഭൂമി അവിടെയും കിട്ടും. ഗവമ്മെണ്ടിനു സ്ഥലം കൊടുക്കുവാൻ സാധിക്കുമെങ്കിൽ, സഹകാര്യവ്യക്തികൾക്കു സ്ഥലം പതിച്ചു കൊടുക്കുവാൻ സാധിക്കുന്നപക്ഷം അവർ ഇതിനുവേണ്ടി ചിലവുചെയ്യുകയും ചെയ്യും. ഇതുകൊണ്ടു നമുക്കു പല ഗുണങ്ങളും ഉണ്ടു്. തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാക്കുവാൻ സാധിക്കും. അതുകൊണ്ടു ഇക്കാര്യത്തിൽ ദയവായി ഒരു മറുപടി തന്നാൽ കൊള്ളാമെന്നാവശ്യപ്പെടുന്നു.

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ കാര്യത്തിൽ മൊത്തമായിട്ടുള്ള അനേക്ഷണത്തിൽ ഇതിനു വലിയ ചിലവു വരുമെന്നാണു് അറിയുന്നതു്. അതൊന്നുകൂടി പരിശോധിച്ചു് നോക്കി അതിന്റെ ചിലവുകളെപ്പറ്റി കണക്കാക്കി ധനകാര്യത്തിൽ വലിയ ബുദ്ധിമുട്ടു് വരുകയില്ലാ എന്നുള്ള സ്ഥിതിയാണെങ്കിൽ അതിനുവേണ്ടി പ്രത്യേകമായി ഒരു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥനെ നിയമിക്കേണ്ടിവന്നാൽതന്നെ അങ്ങിനെ ചെയ്യും ഇതിനെപ്പറ്റി അന്വേഷിപ്പിച്ചു ഗവൺമെണ്ടിനാൽ കഴിയുന്ന സകല പരിശ്രമങ്ങളും ചെയ്യാൻ തയ്യാറാണു്.

മിസ്റ്റർ എം. ഐ. പോൾ: ഇതിനെ സംബന്ധിച്ചു ഒരു സ്റ്റീം, തയ്യാറാക്കി സഹകായ്വ്യക്തികളെ ക്ഷണിക്കണമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതുപോലെയുള്ള ഒരു സ്റ്റീം, ഇതിനു മുമ്പു് അന്വേഷണം നടത്തിച്ചു് എഴുതിവെച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. ആ റിപ്പോർട്ടു് ഗവൺമെണ്ടിനു കാണാൻ സാധിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതിനെപ്പറ്റി ജനറൽ ആയിട്ടുള്ള ഒരഭിപ്രായമാണു പറഞ്ഞിട്ടുള്ളതു്. അവ ഓരോന്നും എടുത്തുനോക്കി ഇക്കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കാം.

മിസ്റ്റർ സി. വി. ഇയ്യു: സഹകായ്വ്യക്തികളെ എല്ലിക്കുന്നസ്ഥിതിക്കു സ്ഥാപിതതാല്പര്യങ്ങൾക്കു എളുപ്പമുണ്ടാകും. കൂട്ടുകൃഷി സമ്പ്രദായമാണെങ്കിൽ അങ്ങിനെ ഉള്ള കഴപ്പങ്ങൾ നേരിടുകയില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഏതുവിധത്തിൽ വേണമെന്നൊന്നും തീർച്ചയാക്കീട്ടില്ല. അതിനെക്കുറിച്ചാലോചിച്ചു വേണ്ടതരത്തിൽ പ്രവർത്തിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ വിശ്വസിച്ചുകൊണ്ടു് സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

CUT MOTION No. 3.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: "To reduce the allotment of Rs. 2,63,411 for Agriculture 4 seed and Manures Depot in Demand No. 3 by—Re. 1/- *To discuss the policy of the Government as regards distribution of manure*"

കൃഷിക്കാക്കു് ഗവൺമെണ്ടിൽനിന്നും നൽകുന്ന വളവിതരണത്തെപ്പറ്റി പറയുകയാണെങ്കിൽ യഥാർത്ഥത്തിൽ അവക്കു് ഒരു സഹായവും ലഭിക്കുന്നില്ല. വളം കിട്ടുന്നതുതന്നെ തക്ക സമയത്തല്ല. അതിനു പുറമെ കർഷകനു താങ്ങാൻ വഹിയാത്ത വിലയും ആകുന്നുണ്ടു്. ഗവൺമെണ്ടു് ൨ ൫% സബ്സിഡി കൊടുക്കുന്നുണ്ടെങ്കിൽ ൨ ൦% ഓളം ഗവൺമെണ്ടു് വളത്തിനു വില വാങ്ങുന്നുണ്ടു്. കിട്ടുന്ന സംഖ്യകൊണ്ടു് പിണ്ണാക്കു് മുതലായ വളങ്ങൾ വാങ്ങിക്കുക എന്നുള്ളതു സാധ്യമല്ല. ഗവൺമെണ്ടു് ൨ ൫% സബ്സിഡി കൊടുക്കുന്നതു ൫ ൦% ആക്കി വർദ്ധിപ്പിച്ചാൽ തന്നെയും പിണ്ണാക്കു ചെമ്മീൻപൊടി മുതലായ വളങ്ങൾ വാങ്ങി കൃഷിക്കുപയോഗിക്കുന്നതിനു സാധ്യമല്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടു് ഈ സബ്സിഡി കൊടുക്കുന്നതിനു പകരം വളങ്ങൾ കൃഷിക്കാരെ എല്ലിക്കുന്നതായാൽ അതുവളരെ നന്നായിരിക്കും. അതാതു കാലങ്ങളിൽ ഈ വളങ്ങൾ കൃഷിക്കു കിട്ടുവാൻ ഏർപ്പാടു ചെയ്യുന്നതിനു പുറമെ ഏതേതു വളങ്ങളാണു് നെൽകൃഷിക്കു പറ്റിയതെങ്കിൽ അതാതു വളങ്ങൾ അവക്കു കൊടുപ്പിക്കുന്നതിനു് തക്കവിധത്തിൽ ഒരുദ്യോഗസ്ഥനെ നിയമിച്ചോ മറ്റോ ഏർപ്പാടു ചെയ്യണമെന്നു ഗവൺമെണ്ടിനെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു:

C. V. Iyyu. (*Kunnamkulam*) On a point of information. It seems our Government have taken a large number of shares in the Fertilisers at Alwaye. May I know whether the Government is getting manure or the Government is trying to get manure for the agriculturists here from the Fertilisers.

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആലുവയിലെ ൫ ൦ ൦ ൦ ടൺ വളമാണു് നമുക്കു് അനുവദിച്ചിട്ടുള്ളതു് എന്നാണു് എന്റെ ഓർമ്മ. അതു് ഇപ്പോൾ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. അങ്ങിനെയാണു് ഇപ്പോഴത്തെനില. അതു മുഴുവൻ ഉപയോഗിക്കുവാൻ സാധിക്കത്തക്കവിധം ഒരു പ്രോഗ്രാം ഉണ്ടാക്കി അതനുസരിച്ചു് അവക്കു് വിതരണം ചെയ്യണമെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ എ. എം. തോമസ്: സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് രണ്ടു വാക്കുപറയുവാൻ ആഗ്രഹിക്കുന്നു. ഇന്നും കർഷകർ ആലുവയുടെ യാഥാസ്ഥിതികത്വം പുലർത്തിക്കൊണ്ടുപോരികയാണു്. ശാസ്ത്രീയമായ വളം ഉപയോഗിക്കുക എന്നു പറയുമ്പോൾ അവക്കു്

*Speech not corrected by the Hon'ble Mamber.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. M. Thomas]

അതിൽ വിശ്വാസംജനിക്കുന്നില്ല. അതുകൊണ്ട് അവർ അതനുസരിച്ചു പ്രവത്തിക്കുന്നുമില്ല. നിർബ്ബന്ധമായി ഓരോ കർഷകനും വളം വാങ്ങണമെന്നു വന്നാൽ മാത്രമെ അവർ ഗവണ്മെണ്ടിൽനിന്നും വിതരണം ചെയ്യുന്നവളം ഉപയോഗിക്കുകയുള്ളൂ. പഞ്ചായത്തുഡിപ്പാർട്ടുമെണ്ടു വഴിക്കാണ് ഇപ്പോൾ വളംവിതരണം ചെയ്യുന്നതു്. അതിൽ വളരെ പരാതികൾ ഉണ്ട്. വ്യാവസായികനിലയിൽ കൃഷിനടത്തുന്ന ആളുകളുടെ അടുക്കലേക്കുവളം ചെല്ലുന്നതല്ലാതെ യഥാർത്ഥകൃഷിക്കാരനു് വളം കിട്ടുന്നില്ലെന്നു് കേൾക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട തുറ്റൂർ മെമ്പർ മിസ്റ്റർ ബാലകൃഷ്ണമാരാർ അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നതും സമയച്ചുരുക്കത്താൽ അവതരിപ്പിക്കുവാൻ സാധിക്കാതെ വന്നതുമായ ഉപക്ഷേപസാരത്തിലേക്കു ഗവണ്മെണ്ടിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതായതു്, കൃഷിക്കാർക്ക് നെല്ലുവാങ്ങി ബോണസ്സ് ആയി കൊടുക്കുന്നിടത്തോളമുള്ള സംഖ്യക്കു വളമായി വിതരണം ചെയ്യുക. വളമായി മാത്രമെ അതു കൊടുക്കുകയുള്ളുവെന്നു വെച്ചാൽ എല്ലാ കൃഷിക്കാർക്കും, അതു വാങ്ങാതിരിക്കുവാൻ സാദ്ധ്യമല്ല. ഭൂരിപക്ഷം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ അവരുടെ പഴയ വെണ്ണീറും ചാണകവും പച്ചിലകളും ഇട്ട് അവർ തൃപ്തിപ്പെട്ടാണ് കാണാറു പതിവു്. മേലാൽ ഈ സ്ഥിതി തുടർന്നു കൊണ്ടുപോകാവുന്നതല്ല. മദ്രാസ്സംസ്ഥാനത്തിലെ പതിവ് ബോണസ്സിൽ പകുതി വളമായിട്ടാണ് കൊടുക്കുന്നതെന്നാണ് അറിയപ്പെടുന്നതു്. അതുകൊണ്ടു് എല്ലാ കൃഷിക്കാർക്കും ആ വളം ഉപയോഗപ്പെടുത്തി അതിന്റെ ഗുണം അറിയാൻ ഇടവരും. ഈ കാര്യത്തിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ പെടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. എൻ. പച്ചയ്യപ്പുകവുണ്ടർ; സർ, കൊച്ചിരാജ്യത്തിൽ കിരുഷിക്കാർകളുക്കു (മെമ്പർ) വളം, വിത്തു കൊടുത്തുവരുകിറ എപ്പാടകം (ഡിസ്ട്രിബ്യൂഷൻസ്) ഇപ്പോഴുള്ള നിലമൈയിൽ ചരിയാക പിരയോചനപ്പടവതില്ലൈ. ഏതോ കൊഞ്ചം വളം അവാളുക്കു ഇപ്പോതു കൊടുക്കിറതുക്കുട അറപ്പു കഴിഞ്ച പിർപ്പാടുതാൻ അവർകളുക്കു കിടൈക്കിറതു. അന്ത വഴക്കും ചരിയല്ല. വളം കൊടുപ്പതു അതാതു കാലങ്കളിൽ ആവചിയത്തുക്കു തക്കപടി കൊടുക്കവേണ്ടും. അതില്ലാതതാൽ കൊടുക്കിറ വളത്തിൻ പലനും കിരുഷിക്കാരുക്കു കിടൈപ്പതില്ലൈ. എന്തവിത കിരുഷികളുക്കു ഏതേതു തരം വളങ്കൾ വേണമൊ അതുവും കൊടുത്തുവരുവതില്ലൈ. അതിനാൽ ആവചിയത്തുക്കു വേണ്ടപടിക്കുള്ള വളങ്കൾ അതാതു കാലങ്കളിൽ കൊടുക്ക ചിറന്തെ വൈക്കവേണും.

പൊള്ളാച്ചി മുതലിയ ഇടങ്കളിൽ മെമ്പർക്കു ൨൫൫ രൂപായ് വിലൈയിരുക്കും പോതു നമതു കവർമെണ്ടു ൨൭൫ രൂപായ് വിലൈ ചൊല്ലി നാങ്കൾ സപ്സിഡിസ് പണ്ണകിറോം എൻറു ചൊന്നാൽ എന്ന പലൻ വിവചായികളുക്കു കിടൈക്കുമെൻറു എനക്കു തെരിയവില്ലൈ.

അതിനാലെ കവർമെണ്ടാർ നമതു നാട്ടു കർഷകരിൻ അപിവിരുത്തിക്കാകവും അവർകളുക്കു പിരയോയനപ്പെടും പടിയാകവും കാലാകാലങ്കളിൽ ആവചിയമാനപടിക്കുള്ള വളങ്കൾ പൂരാവും കൊടുത്തു അതൈ അവർകൾ പിരയോചനപ്പെടുത്തും പടിക്കുള്ളതാന ചരിയാന ഒരു ചട്ടം ഏർപ്പെടുത്തവേണ്ടുമെൻറു നാൻ കവർമെണ്ടാരിടം അപേക്ഷിക്കിറേൻ.

ഒരു കിരുഷിക്കാറനുക്കു മുക്കിയമാക മൂൻറു വചതികൾ വേണ്ടും. ൧. വിത്തു ൨. വളം ൩. തണ്ണീർ. തണ്ണീരൈ പറ്റി ചൊല്ലുവതേനെൻറാൽ ൧൫ നാൾകളുക്കു ഒരു നാൾ തണ്ണീർ കൊടുക്കും ചട്ടത്തൈ മാറ്റി പൂമിയിൻ താരതമ്മിയംപോൽ ൨ നാൾക്കളുക്കു, ൩ നാൾക്കളുക്കു, ഒരു വാരത്തിർകു ഒരു തണ്ണി പഞ്ച കേട്ടവരാത മുറൈയിൽ തണ്ണീർ വിട്ടുത്തരവേണ്ടും. എൻറ കവർമെണ്ടാർകളൈ കേട്ടുക്കൊൾവതുടൻ ചിറപ്പൂർ താലൂകാവിൽ കൊഴിഞ്ഞാമ്പാറൈ ഫർക്കാവിട്ട മാനേജമെണ്ടു ഏറൈറ്റുത്തു നടത്തിത്തരവും വേണ്ടും.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ ഇവിടെ ഉൽബോധിപ്പിച്ച സംഗതികൾ എല്ലാം ഗവണ്മെണ്ടിന്റെ പ്രത്യേക ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഇന്നു വളം വിതരണം ചെയ്യുന്ന സമ്പ്രദായം തൃപ്തികരമായിട്ടുള്ളതല്ലെന്നു ഗവണ്മെണ്ടിന്നറിയാം. ഇനി അതു വരാതിരിയ്ക്കാൻവേണ്ടി ഗവണ്മെണ്ടു് വേണ്ടതെല്ലാം ചെയ്യുന്നതാണു്. എന്റെ ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഇരുപതിനായിരം ഏക്കർ ഭൂമിയിൽ മുഴുവൻ വളമിട്ടു് അതു കൃഷിക്കാർക്കു് വേണ്ടവിധത്തിൽ വിതരണം ചെയ്യുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനംചെയ്ത വിദഗ്ദ്ധന്മാരായ മുപ്പതോ, നാല്പതോ ആളുകളെ നിയമിയ്ക്കാൻ തീർച്ചയാക്കീട്ടുണ്ട്. അവർ മുഖാന്തിരം കൃഷിക്കാർക്കുവേണ്ട അറിവുകൊടുത്തു കൃഷി ഭൂമികളിൽ വളമിട്ട ഒന്നു പരീക്ഷിച്ചുനോക്കണമെന്നു തീർച്ചയാക്കീട്ടുണ്ട്. അതു വിജയപ്രദമാകുകയാണെങ്കിൽ ആ പദ്ധതി ഒന്നുകൂടി വിപുലപ്പെടുത്തുന്നതിനാലോചിയ്ക്കാം.

മിസ്സർ സി. വി. ഇയ്യു: ഈ വളം നിയമിക്കപ്പെട്ട സ്റ്റാഫുതന്നെ നിലത്തിൽകൊണ്ടുപോയി വിതരണം ചെയ്യുമോ, അതോ അതു കൃഷിക്കാരെ എല്പിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: എങ്ങിനെയാണു വേണ്ടതു് എന്നു് ആലോചിച്ചുവരുകയാണു്. ആദ്യമായി ഉദ്ദേശിക്കുന്നതു ഇക്കാര്യത്തിൽ വിദഗ്ദ്ധന്മാരായ മുപ്പതോ, നാല്പതോ ആളുകളെ നിശ്ചയിച്ചു അവരെക്കൊണ്ടു് കൃഷിയ്ക്കാരുടെ ഇടയിൽ പ്രചരണംനടത്തി വളം വിതരണം ചെയ്യാനാണു്. ഇതിനു് കൃഷിക്കാർക്കു ൫൦–% സബ്സിഡി കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്. എന്നാലുംകൂടി മേടിക്കാൻസാധിക്കാത്ത ആളുകൾക്കു ബാക്കിയുള്ളതുംകൂടി കൊടുത്തു വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടു്. ഇപ്പോഴുള്ള വിതരണസമ്പ്രദായം രണ്ടു മൂന്നു് ഏജൻസികൾ മുഖാന്തിരമാണു നടത്തുന്നതു്. വളം ശേഖരിക്കുന്നതു് അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെൻറുകാർ. അതു വിതരണം ചെയ്യുന്നതു പഞ്ചായത്തുകാർ. റവന്യൂഡിപ്പാർട്ടുമെണ്ടിൽനിന്നു സർട്ടിഫിക്കറു വാങ്ങിയാലെ അതു കിട്ടുകയുള്ളു. ഇങ്ങിനെയുള്ള സമ്പ്രദായംകൊണ്ടാണു് ഇവിടെ പറഞ്ഞമാതിരി വളം വേറെവഴിക്കു കടന്നുപോകുന്നതു്. വളം വിതരണം ചെയ്യുന്നതിനു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ വയ്ക്കണമെന്നാണു് ആലോചന. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അതാതുദിക്കുകളിൽ കൃഷിഇൻസ്പക്ടർമാരുടെ മേൽ നോട്ടത്തിൽ പ്രത്യേകസ്റ്റാഫുവഴി വളം വിതരണം നടത്തിയാൽ കൊള്ളാമെന്നാണു് ഉദ്ദേശിക്കുന്നതു്. അതിനു ബഹുമാനപ്പെട്ട മെമ്പർമാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. എന്നാൽ വളത്തിന്റെ വിലയുടെ കാര്യത്തിൽ ഗവൺമെണ്ടിനു യാതൊന്നും ചെയ്യാൻ നിവർത്തിയില്ല. ബഹുമാനപ്പെട്ട കൊഴിഞ്ഞാമ്പാറ മെമ്പർ പൊള്ളാച്ചിയിൽ ഇവിടത്തേക്കാൾ വളത്തിനു വിലകുറവാണെന്നു പറഞ്ഞു. അതു വാസ്തവമാണു്. പക്ഷെ ആ സ്ഥലം മദ്രാസു് പ്രസിഡൻസിയിൽ പെട്ടതാണു് കൊച്ചീരാജ്യത്തു് ഏകദേശം പതിനായിരം ടണ്ണോളം ഗ്രൌണ്ടുനട്സ് ഉണ്ടാക്കുന്നുണ്ടു്. എന്നാൽ അതു വർഷക്കാലത്താണു് ഉണ്ടാകുന്നതു് എന്നുള്ളതുകൊണ്ടു് ഇവിടെ ഉണക്കിയെടുക്കാനുള്ള സൌകര്യമില്ല. അതുകാരണം അതു പൊള്ളാച്ചിയിലും മറ്റും കൊണ്ടുപോയി വില്ക്കുകയാണു ചെയ്യുന്നതു്. ഇതു പൊള്ളാച്ചിയിൽകൊണ്ടുപോയി വില്ക്കുന്നതുകൊണ്ടു് നമുക്കു പിണ്ണാക്കു കിട്ടുന്നതിനു വളരെ ബുദ്ധിമുട്ടനേരിടുന്നുണ്ടു്. മദ്രാസുസംസ്ഥാനത്തിൽനിന്നു പിണ്ണാക്കു പുറത്തുകൊണ്ടുപോകാൻ പാടില്ലെന്നു നിരോധിച്ചിട്ടുമുണ്ടു്. അവിടെ ഗ്രൌണ്ടുനട്സിനു് ഇപ്പോൾ ൧൫ ൦ രൂപ വിലയായിട്ടാണു് ഗവർമ്മെണ്ടു് വാങ്ങിക്കുന്നതു്. ആ ഗ്രൌണ്ടുനട്സ് ആണു് പൊള്ളാച്ചിയിൽ ടൺ ഒന്നിനു ൨൫൫ രൂപയ്ക്കു കൊടുക്കുന്നതു്. ഞാൻ ചിറ്റൂരിൽ ചെന്ന അവസരത്തിൽ പലരും എന്നോടു ഇതിനെപ്പറ്റിആക്ഷേപം പറഞ്ഞപ്പോൾ ഞാൻപറയുകയുണ്ടായി ൨൫൫ രൂപയ്ക്കു് അവിടെനിന്നു തരുകയാണെങ്കിൽ കിട്ടാവുന്നിടത്തോളം മുഴവനും മേടിച്ചുകൊള്ളാമെന്നു പറഞ്ഞു. പക്ഷേ അവിടെനിന്നു അതു കിട്ടാൻ സാദ്ധ്യമല്ല. അവിടെനിന്നു സമ്മതിപ്പിച്ചു വല്ലതും കുറച്ചു വല്ലവരും കൊണ്ടുവരുന്നുണ്ടായിരിയ്ക്കാമെന്നല്ലാതെ നേരായ വഴിയിൽകൂടി നമുക്കു കിട്ടാൻ മാർഗ്ഗമില്ല. മദ്രാസുഗവൺമെണ്ടിനോടു് അയ്യായിരം ടൺ ഗ്രൌണ്ടുനട്സ് തരാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. അതിൽ ൧ ൦ ൦ ടൺ ടാറാക്കുവാനിയ്ക്കു കൊടുത്തിട്ടുണ്ടു്. അതു കഴിച്ചു പിന്നെ ൪ ൦ ൦ ൦ ടൺകൂടി തരണമെന്നു ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ടു്. അവിടത്തെ ബഹുമാനപ്പെട്ട കൃഷികാര്യമന്ത്രി ഇതിനെപ്പറ്റി അനുഭാവപൂർവ്വം സംസാരിച്ചിട്ടുണ്ടു്. അദ്ദേഹം കഴിഞ്ഞ തവണ കൊച്ചീരാജ്യത്തു വന്നപ്പോൾ, ഇപ്പോൾ ൨ ൦ ൦ ൦ ടൺ തരണമെന്നു പറഞ്ഞിട്ടുണ്ടു്. അതു കിട്ടുമെന്നാശിക്കുന്നു. എന്നാൽ വിലയുടെ കാര്യത്തിൽ യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഇതിനു ചെമ്മീൻ പൊടിയുംകൂടി വാങ്ങിയ്ക്കുന്നതേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു നെൽകൃഷിയ്ക്കു പറ്റുമോ എന്നറിയാൻപാടില്ല. വിദഗ്ദ്ധന്മാർ ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതു് ഗ്രൌണ്ടുനട്സ്, അമോണിയം സൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

ഫൊറ്, മതലായവ കൂട്ടിയിട്ടന്നതു് നന്നായിരിക്കുമെന്നാണു്. അതനുസരിച്ചു ചെയ്യാനാണു പോകുന്നതു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and carried

(iv) 2 Agriculture (Cranganur.)

Mr. E. Ikkanda Warrier. *(Prime Minister)* I move for a grant of Rs. 50, under 2- Agriculture, Cranganur.

Mr. K. Ayyappan *(Minister for Works and Revenue):* I second it.

Demand put and carried

(v) 4-Veterinary.

Mr. E. Ikkanda Warriar *(Prime Minister)* I move for a grant of Rs. 81,224 under 4, Veterinary.

Mr. K. Ayyappan *(Minister for Works and Revenue).* I second it.

CUT MOTION No 1.

മിസ്റ്റർ സി. വി. ഇയ്യു. സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപംഇതാണു്. To reduce the allotment of Rs. 32357 for Establishment Veterinary in Demand No. 4. by-Rs. 2. *To impress upon the Government to station at least one stud-bull in every Panchayat as well as Municipal Area.*

സർ, വിത്തുകാളകളെ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ഒരു കൊല്ലംകൊണ്ടു നിത്തണമെന്ന ഞാൻ ഉദ്ദേശിച്ചിട്ടില്ല. ഇപ്പോൾ നടത്തിവരുന്ന സമ്പ്രദായമനുസരിച്ചു വിത്തുകാളകളെ ഗവണ്മെണ്ടു് സഹായധനത്തോടുകൂടി കൊടുക്കുന്ന സിസ്റ്റം വേണ്ടപോലെ പ്രയോജനകരമായി തീരുന്നില്ലായെന്നുള്ളതുകൊണ്ടു് ഗവണ്മെണ്ടിൽനിന്നു നേരിട്ടു പഞ്ചായത്തുകൾ മുഖേനയും, മുനിസിപ്പാലിറ്റികൾ മുഖേനയും, വിത്തുകാളകളെ കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. മൂന്നുകൊല്ലംകൊണ്ടു് എല്ലാ മുനിസിപ്പാലിറ്റികളിലും, എല്ലാ പഞ്ചായത്തുകളിലും ഓരോ വിത്തുകാളകൾ ഉണ്ടായിരിക്കത്തക്ക ഒരു പദ്ധതി രൂപീകരിക്കുവാനുള്ള സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ തരത്തിലുള്ള പദ്ധതി നടപ്പിൽവരുത്തിയില്ലാതെ നമ്മുടെ കന്നുകാലിവർഗ്ഗം നന്നായിതീരാനിടയില്ല. കൂടുതലായി ഞാൻ ഇതിനെക്കുറിച്ചു് ഒന്നും പറയുന്നില്ല. ഗവണ്മെണ്ടിന്റെ സത്വരശ്രദ്ധയെ ഇതിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എൻ. പച്ചയ്യപ്പ കവുണ്ടർ. പ്രസിഡണ്ടു്, സർ, വെറ്ററിനറി ഡിപ്പാർട്ടുമെണ്ടു വിഷയമാക ഇന്ത കട്മോഷൻപേരിൽ എനക്കു ചില വിഷയങ്കൾ ഇന്ത ചഭൈയിൽ ചൊല്ലവേണ്ടിയിരുക്കിറതു. അതു എന്നവെൻറാൽ

ചൊന്ത അണൈച്ചൊന്തക്കാറർകൾ വരുഷത്തിർക്കു എല്ലാ ചിലവുകളുംകൂട ൫ ൦ ൦ രൂപയാക നാ അണൈക്കെട്ടുകളുക്കും നാ ൦ ൦ ൦ രൂപായ് ചിലവു ചെയ്യവന്താർകൾ. അപ്പടിയിരുക്ക കവർമ്മെണ്ടു നാ അണൈക്കെട്ടുകളുക്കു ഒരു വരുഷത്തിയ ചിലവു ൨൫,൨൦൦ രൂപായ് ചിലവുചെയ്തിരുപ്പതാക പട്ജട്ടിൽ കാൺകിറതു്. ഇന്ത താങ്കമുടിയാത ചിലവൈ എപ്പെ അണൈ ചൊന്തക്കാറർകളൈ ചകിക്കുംപടി ചൊന്നാൽ അവർകൾ പാട്ട അതോകതിയാകിവിട്ടം. ആകൈയാൽ അന്ത ചിലവൈ അവർകളിടം ചകിക്കുംപടി ചെയ്യക്കൂടാതുഎൻറ നമതു കവർമെണ്ടൈ കേട്ടുക്കൊള്ളുകിറേൻ.

ഇനി സ്റ്റഡ്ബുൾ, പൊല്ലി കാളൈകൾ വാങ്കുകിറതിൽ മുതൽമൈയാക കാൺകൈ പരീട്ട നല്ലവകൈയിൽ ഇരുക്കിറതാ എൻകിറതു പാർക്കവേണ്ടും. അതു മട്ടുമല്ല അവർകളുക്കു തീനിക്കുംമറ്റുമുള്ള ചിലവും ഇപ്പോതു ചരിയാക കൊടുക്കവില്ലൈ എൻറ കാണുകിറതു. അതൈ വളർപ്പവർകളുക്കു ചരിയാന എൻകരേജ്മെണ്ടു് പടി-മെയിൻറനൻസു ചാർജ്-കൊടുത്തുവരുവതില്ലൈ. അപ്പടിയിരുന്താൽ വിത്തുകാളൈയിനുടൈയ ചരിയാന ഉപയോകം എപ്പടി കിടൈക്കും. അതിനാൽ അവകളൈ ചരിയാക തീനിപോട്ട ൨

LIBRARY ARCHIVES Kerala Legislative Assembly